ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾസ് പ്രകാരം വന്നാൽ ചെലവുണ്ടാകും. റൂൾസ് വരുന്ന സമയത്താണ് അതുസംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കേണ്ടി വരുന്നത്. അങ്ങനെയൊരു റൂൾസ് ഉണ്ടാക്കുവാനുള്ള അധികാരം കൊടുക്കുകയാണ് ചെയ്യുന്നത്.

റൂളിംഗ്

മി. സ്പീക്കർ: അധിക സാമ്പത്തിക ബാധ്യത വരികയാണെങ്കിൽ തീർച്ചയായിട്ടും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതായിരുന്നു. ഇനി ബഹുമാനപ്പെട്ട മന്ത്രി. അങ്ങേക്ക് ബില്ലിനെപ്പറ്റി സംസാരിക്കാം.

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ നിയമനിർമ്മാണത്തിന് വളരെയധികം പ്രത്യേകതകളുണ്ട് എന്നാണ് ഇതുസംബന്ധിച്ച് ആദ്യമായി സൂചിപ്പിക്കുവാനുള്ളത്. 1861-ലെ പോലീസ് ആക്ടാണ് നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത്. അതിനെ അടിസ്ഥാനമാക്കിയാണ് 1960-ൽ ഇവിടെ കേരള പോലീസ് ആക്ട് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇന്ത്യയിലെ പോലീസ് ഭരണ സംവിധാനം സംബന്ധിച്ച് പല സന്ദർഭത്തിലും പരിശോധനയ്ക്ക് വിധേയമായതാണ്. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെത്തുടർന്നാണ് ഒരു പോലീസ് നിയമമുണ്ടാക്കണമെന്നുള്ള പ്രശ്നം ബ്രിട്ടീഷ് ഗവൺമെന്റ് തന്നെ ചിന്തിക്കാൻ തുടങ്ങിയത്. 1858-ൽ വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തതിനെത്തുടർന്ന് പോലീസ് നിയമം പരിഷ്കരിക്കുന്നതിനുവേണ്ടി 1860-ൽ ഒരു കമ്മീഷനെ നിയമച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1861-ൽ പോലീസ് ആക്ട് തയ്യാറാക്കിയത്. അതിനുമുമ്പ് നമ്മുടെ രാജ്യത്തിന്റെ ഭരണം നടത്തിയിരുന്നത് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പട്ടാളക്കാരായിരുന്നു. അത് പോലീസിംഗിന് സഹായകരമല്ല എന്ന് കണ്ടു കൊണ്ടാണ് 1861-ലെ പോലീസ് ആക്ട് രൂപം കൊണ്ടത്. തുടർന്ന് ബ്രിട്ടീഷ് ഭരണം തന്നെ പോയി, സ്വതന്ത്ര ഇന്ത്യ വന്നു, സംസ്ഥാനങ്ങൾ രൂപംകൊണ്ടു. ക്രമസമാധാനപാലനം സംസ്ഥാനത്തിന്റെ ചുമതലയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി പോലീസിലെ പരിഷ്കരണത്തെക്കുറിച്ച് ചിന്തിച്ച ഒരു സംസ്ഥാന ഗവൺമെന്റ് ആദ്യത്തെ കേരളാ ഗവൺമെന്റായ ഇ.എം.എസ്. മന്ത്രിസഭയാണ്. ഇ.എം.എസ്. ഗവൺമെന്റ് 1959-ൽ രൂപീകരിച്ച എൻ.സി.ചാറ്റർജി കമ്മീഷൻ പിന്നീട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇന്ത്യയിൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം മൊറാർജി ദേശായി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ധർമ്മ വീരാ കമ്മീഷനെ നിയമിക്കുന്നത്. റിട്ടയേർഡ് ഐ.സി.എസ്. ഉദ്യോഗസ്ഥനായ ധർമ്മവീര ചെയർമാനായിട്ടുള്ള കമ്മീഷനാണ് ഇന്ത്യയിലാദ്യമായി പോലീസ് പരിഷ്കരണത്തെക്കുറിച്ച് ദേശീയതലത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചത്. വേണ്ടത്ര പരിഷ്കരണങ്ങൾ നടന്നില്ല എന്നതാണ് വസ്തുത. ഇതിനെത്തുടർന്ന് 1997-ൽ ഇന്ദ്രജിത് ഗുപ്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ സന്ദർഭത്തിൽ അദ്ദേഹം എല്ലാ സംസ്ഥാനങ്ങൾക്കും പോലീസ് നിയമപരിഷ്കരണം സംബന്ധിച്ച് ഒരു കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ അദ്ദേഹം അന്ന് പറഞ്ഞ കാര്യം ഇപ്പോൾ സുപ്രീം കോടതി വിധിയിലേക്ക് എത്തിയ സന്ദർഭത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly